# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 09.03.2018-ലെ മറുപടി

ചോദ്യം നമ്പർ: **2425**

**കുപ്പിവെള്ള കമ്പനിക്കായ് ജല അതോറിറ്റി ഒരുക്കിയിട്ടുള്ള സജ്ജീകരണങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്. | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ്സിന്റെ (ബി.ഐ.എസ്) അംഗീകാരത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ കുപ്പിവെള്ള കമ്പനികൾ എത്രയാണെന്ന് അറിയിക്കുമോ; | (എ) ബി.ഐ.എസ് സംബന്ധിച്ച വിശദാംശങ്ങൾ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ടവയല്ല. |
| (ബി) സംസ്ഥാനത്ത് ഏറെ സാധ്യതയും വലിയ വിപണിയുമുള്ള ഈ മേഖലയിൽ ജല അതോറിറ്റി ആരംഭിക്കാനിരിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;<br><br>(സി) ഈ പദ്ധതിക്കായി ഇതിനകം ഒരുക്കിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തൊക്കെയെന്നുള്ള വിശദാംശങ്ങൾ നൽകുമോ; | (ബി) & (സി) കുപ്പിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. വിവിധ സിവിൽ ജോലികൾ 96% പൂർത്തിയായി. മഴ വെള്ളം സംഭരണി, ഫാക്ടറിക്ക് പുറത്തുള്ള റോഡ് നിർമ്മാണം എന്നിവയാണ് സിവിൽ ജോലികൾ ബാക്കിയുള്ളത്. ഇലക്ട്രിക്കൽ ജോലികൾ 65 % പൂർത്തികരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ജോലികളിൽ ജനറേറ്റർ സെറ്റ് സ്ഥാപിക്കൽ, പ്ലാന്റിലെ യന്ത്ര സാമഗ്രികളിൽ കണക്ഷൻ കൊടുക്കുന്ന പ്രവൃത്തികൾ, ലൈറ്റ്, ഫാൻ, എ.സി മുതലായവ ഘടിപ്പിക്കുന്ന പണികൾ എന്നിവയാണ് അവശേഷിക്കുന്നത്. മെക്കാനിക്കൽ ജോലികളിൽ ജലം ശുദ്ധികരിക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. കുപ്പി നിർമ്മിച്ച് അതിൽ വെള്ളം നിറച്ച്, ലേബൽ ഒട്ടിച്ച് പാക്കറ്റിനുള്ളിലാക്കുന്നതിനുള്ള യന്ത്ര സാമഗ്രികൾ 28.02.2018-ൽ എത്തിയിട്ടുണ്ട്. ഇവയുടെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പ്രവർത്തനസജ്ജമാകും എന്ന് വിശദമാക്കാമോ? | (ഡി) പ്രസ്തുത പദ്ധതി 2018 ഏപ്രിൽ 30-നോട് കൂടി പൂർത്തികരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ